Mr. Speaker: I may again bring to the notice of the hon'ble Members that supplementary questions are not meant for supplying information to the Ministers.

കഴൽകിണറുകൾ

* ൩൦൧. (൩൨) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ജനങ്ങളുടെ ആവത്തിച്ചാവത്തിച്ചുള്ള നിവേദനത്തിന്റെ ഫലമായി കരുനാഗപ്പള്ളിയിൽ അഴിക്കൽ എന്ന തീരപ്രദേശത്തു് ഉടനടി ഒരു കഴൽകിണർ സ്ഥാപിക്കുന്നതാണെന്നു് അധികൃതർ പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ അതിന്റെ ശ്രമം ആരംഭിച്ചിട്ടില്ലെന്ന കാര്യമെങ്കിലും അറിയാമോ;

(ബി) അതിലേക്കുള്ള ജോലി എന്നാരംഭിക്കുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അറിയാം.

(ബി) ഈ സ്ഥലത്തിനടുത്ത ആയിരംതെങ്ങിലും വള്ളിക്കാവിലും കഴൽകിണറുകളുള്ളപ്പോൾ ഇവിടെ ഒരു കഴൽകിണർ ശരിക്കു പ്രവർത്തിക്കുമോ എന്ന കാര്യത്തെപ്പറ്റി ആലോചിക്കേണ്ടതായിട്ടുണ്ടു്. കഴൽകിണറുകൾ ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ ഒന്നു് മറ്റൊന്നിൽ നിന്നും ചുരുങ്ങിയതു് ൪ മൈൽ ദൂരത്തായിരിക്കണമെന്നു് ചീഫ് ഇഞ്ചിനീയർ അഭിപ്രായപ്പെട്ടു. ഇതിനെപ്പറ്റി ആലോചിച്ചശേഷം പ്രാദേശിക കമ്മിറ്റിയുടെ അഭിപ്രായം അറിഞ്ഞു് സ്ഥലം നിശ്ചയിച്ചശേഷം മാത്രമേ ജോലി ആരംഭിക്കുവാൻ നിർവാഹമുള്ളൂ.

ശ്രീ. എം. ഐ. പാഠം: കഴൽകിണറുകൾ വേറെ എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ?

Sri. C. Kesavan: That does not arise.

ശ്രീ. എം. ഐ. പാഠം: കൊച്ചി വിഭാഗത്തു കഴൽകിണറുകൾ വല്ലതും തുടങ്ങിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല.

ശ്രീ. എം. ഐ. പാഠം: നായരമ്പലത്തു ഒരു കഴൽകിണർ തുടങ്ങിയിട്ടുണ്ടെന്ന കാര്യമെങ്കിലും അറിയാമോ?

ശ്രീ. സി. കേശവൻ: തുടങ്ങിയിട്ടുണ്ടായിരിക്കാം.

ശ്രീ. എം. ഐ. പാഠം: അതിപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു എന്നു പറയാമോ?

Sri. P. Balakrishnan Tampi stood up in order to catch the eye of the Speaker.

Mr. Speaker: Yes, Mr. Tampi.

Sri. P. Balakrishnan Tampi: Sir, I feel I cannot stand an assault on my nerves. The noise and excitement evinced by some hon'ble Members give me that impression.

ശ്രീ. എം. ഐ. പാഠം: കായംകുളത്തിൽനിന്നും അതിലേക്കുവേണ്ടി ധാരാളം പണം ചെലവാക്കി കഴിഞ്ഞിട്ടുണ്ടെന്നും അതിനുശേഷം ഇപ്പോൾ യാതൊരു പണിയും നടത്താതെ ഇട്ടിരിക്കയാണെന്നും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The hon'ble Member will try to modulate his voice so as to serve his purpose by making himself heard in every part of the House without at the same time causing annoyance to the other members by unduly raising the pitch of his voice.

ശ്രീ. എം. ഐ. പാപ്പ: അതിന്റെ പണി വീണ്ടും തുടങ്ങാൻ ആലോചനയുണ്ടോ?

Mr. Speaker: The member will please try to take advantage of the suggestion from the Chair regarding the desirabilty of modulating his voice.

പാണ്ടിക്കടി–ചെല്ലാനം റോഡ്

*൩൦൪. (൯൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പാണ്ടിക്കടി-ചെല്ലാനം റോഡ് ഏതു കൊല്ലത്തിലാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പണിയുടെ പൂർത്തികരണത്തിനു് എന്തു സംഖ്യയാണ് എസ്റ്റിമേറു ചെയ്തിട്ടുള്ളത്;

(സി) ഇതുവരെ എത്ര സംഖ്യ ചിലവാക്കി;

(ഡി) എന്നത്തേക്ക് ഈ പണി പൂർത്തിയാകുമെന്നാണ് ഉദ്ദേശിക്കുന്നത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഫസ്റ്റ്-ൽ ലാൻറ് അക്വിസിഷൻ നടപടികൾ ആരംഭിച്ചു.

(ബി) ഈ പണി പൂർത്തിയാക്കാൻ ഏകദേശം ഒൻപതരലക്ഷം രൂപ വേണ്ടിവരുമെന്നു് എസ്റ്റിമേറു ചെയ്തിരിക്കുന്നു.

(സി) ഫ, ൧ ൫,൨ വരെ രൂ. ൦൪ ണ. ൭ പൈസ.

(ഡി) ഖണ്ഡിതമായി പറയുവാൻ നിവർത്തിയില്ല. ഇപ്പോൾതന്നെ പണി ആരംഭിച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇപ്പോൾ ഈ പണിക്കായി എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ഇതുവരെ ചെലവാക്കിയ സംഖ്യയാണ് ഞാനി പ്പോൾ പറഞ്ഞത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇക്കൊല്ലത്തെ ബഡ്ജറിൽ ഈ പണിക്കു വേണ്ടി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. സി. കേശവൻ: അതിലേക്കായി തുക നീക്കിവച്ചിട്ടില്ല. ഡൈവർട്ട് ചെയ്താണ് ഈ പണിക്കുവേണ്ടി തുക ചെലവാക്കുന്നത്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അങ്ങിനെ എത്ര തുകയാണ് ഇതിലേക്ക് ഡൈവർട്ടുചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. സി. കേശവൻ: അതിപ്പോൾ പറയാൻ സാധ്യമല്ല. ഡൈവർട്ട് ചെയ്താണ് ഇതുവരെ തുക ചെലവാക്കിയിട്ടുള്ളത്.

ശ്രീ. സി. വി. ഐപ്പ്: ഈ റോഡിന്റെ വശങ്ങളിൽ ഇപ്പോൾ നിൽക്കുന്നതും ഇനി ഉണ്ടാകുന്നതുമായ സകല തെങ്ങുവൃക്ഷങ്ങളും ചേർത്തു ആ ഭാഗത്തെ കോൺഗ്രസ്സുകാർമാത്രംചേർന്നു ഉണ്ടാക്കിയിട്ടുള്ള ഒരു സഹകരണസംഘത്തിനു് വിട്ടു കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതു നോട്ടീസുകൂടാതെ പറയുവാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly